# കേരളസർവകലാശാല

നം.പി.ആർ.164/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബി.ടെക്., ഡിസംബർ 2021 (2008 സ്കീം, 2013 സ്കീം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തുന്ന എട്ട്, ആറ്, നാല് സെമസ്റ്റർ ബി.കോം. (ഹിയറിംഗ് ഇംപയേർഡ്), ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ്) (2013 & 2019 സ്കീം) പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് 17, 19, 26 തീയതികളിൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ആഗസ്റ്റ് 19 ന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.ബി.എ. (ആന്വൽ സ്കീം – പ്രൈവറ്റ് രജിസ്ട്രേഷൻ) (റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി/ഡിപ്ലോമ (എസ്.ഡി.ഇ. – 2017 അഡ്മിഷൻ മുതൽ) സപ്ലിമെന്ററി, മാർച്ച് 2022 വിജ്ഞാപന പ്രകാരമുള്ള പരീക്ഷകൾ ആഗസ്റ്റ് 12 മുതൽ കാര്യവട്ടം എസ്.ഡി.ഇ. പരീക്ഷാകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ./ബി.എസ്സി./ബി.കോം. (മേഴ്സിചാൻസ് – 2013 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ആഗസ്റ്റ് 22 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 25 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 27 വരെയും ഓഫ്ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ആഗസ്റ്റ് 25 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. മേഴ്സിചാൻസ് (2009 സ്കീം – 2010, 2011, 2012, 2013 അഡ്മിഷൻ, 2014 സ്കീം – 2014, 2015, 2016, 2017 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ആഗസ്റ്റ് 11 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 16 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 19 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പി.ജി., എം.ടെക്. (സി.എസ്.എസ്.)ഒന്നാംഘട്ടം അഡ്മിഷൻ

കേരളസർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലേക്കുള്ള പി.ജി., എം.ടെക്. 2022 അഡ്മിഷന്റെ ഒന്നാംഘട്ടം ആഗസ്റ്റ് 10 ന് നടക്കുന്നതാണ്. മെമ്മോ വെബ്സൈറ്റിൽ ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് (admissions.keralauniversity.ac.in/css2022) ലോഗിൻ ചെയ്ത് മെമ്മോ ഡൗൺലോഡ് ചെയ്യാം.

## പുതിയ കോളേജ്/പുതിയ കോഴ്സ്/നിലവിലുള്ള കോഴ്സുകളിൽ സീറ്റ് വർദ്ധനവ്/അധിക ബാച്ച് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയ്ക്ക് കീഴിൽ 2023 – 24 അദ്ധ്യയന വർഷത്തേയ്ക്ക് പുതിയ കോളേജ്/പുതിയ കോഴ്സ്/നിലവിലുള്ള കോഴ്സുകളിൽ സീറ്റ് വർദ്ധനവ്/അധിക ബാച്ച് എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് കേരളസർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേരളസർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിലെ (www.keralauniversity.ac.in) അഫിലിയേഷൻ പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിജ്ഞാപനവും ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അഫിലിയേഷൻ പോർട്ടലിൽ ലഭ്യമാണ്. പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2022 ആഗസ്റ്റ് 31.

ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം പ്രസ്തുത അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധമായി അപ്‌ലോഡ് ചെയ്തിട്ടുള്ളവയുടെ അസൽ രേഖകളും സഹിതം രജിസ്ട്രാർ, കേരളസർവകലാശാല, സെനറ്റ്ഹൗസ് ക്യാമ്പസ്, പാളയം – 695 034 എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ 31.08.2022 നകം എത്തിക്കേണ്ടതാണ്.

പ്രസ്തുത കവറിനു മുകളിലായി പുതിയ കോളേജ്/പുതിയ കോഴ്സ്/നിലവിലുള്ള കോഴ്സുകളിൽ സീറ്റ് വർദ്ധനവ്/അധിക ബാച്ച്, ഇവയ്ക്കുള്ള അപേക്ഷ (ബാധകമായത്) എന്ന് രേഖപ്പെടുത്തേണ്ടതാണ്. 2022 ആഗസ്റ്റ് 31 ന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

തിരുവനന്തപുരം,
03.08.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**